# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2026 ഓഗസ്റ്റ് 1**

---

## എൻ.എസ്.എസ്. പ്ലാസ്റ്റിക് മാലിന്യശേഖരണ ചലഞ്ച് പുരസ്കാര വിതരണവും നേതൃത്വ പരിശീലന ക്യാമ്പും സംഘടിപ്പിച്ചു

*കാഞ്ഞിരപ്പള്ളി: മഹാത്മാഗാന്ധി സർവകലാശാലാ നാഷണൽ സർവീസ് സ്കീമിന്റെയും എൻ.എസ്.എസ്. റീജിയണൽ ഡയറക്ടറേറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ 'സ്വച്ഛത ആക്ഷൻ പ്ലാനി'ന്റെ ഭാഗമായി സംഘടിപ്പിച്ച സംസ്ഥാനതല പ്ലാസ്റ്റിക് മാലിന്യശേഖരണ ചലഞ്ച് 2026-ന്റെ അവാർഡ് ദാന ചടങ്ങും അഞ്ചുദിവസത്തെ എൻ.എസ്.എസ് വോളണ്ടിയർ സെക്രട്ടറിമാരുടെ ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പിന്റെ ഉദ്ഘാടനവും കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടന്നു.*

*ചടങ്ങിൽ ജലസേചന-ഭവനനിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് അവാർഡ് ദാനവും ലീഡർഷിപ്പ് ക്യാമ്പിന്റെ ഉദ്ഘാടനവും നിർവ്വഹിച്ചു. എൻ എസ് എസിന്റെ നേതൃത്വത്തിലുള്ള യുവജന കൂട്ടായ്മ, നാടിനെ മാലിന്യമുക്തമാക്കി മാറ്റുന്നതിനും അത് സംരക്ഷിച്ചു നിർത്തുന്നതിനും ഉത്തമ മാതൃകയാണെന്ന് ഉദ്ഘാടനപ്രസംഗത്തിൽ മന്ത്രി പറഞ്ഞു.*

*ചടങ്ങിൽ മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു അധ്യക്ഷത വഹിച്ചു. ആഗോളതാപനം നിയന്ത്രിക്കുന്നതിന് എല്ലാ എൻ.എസ്.എസ്. വളന്റിയർമാരും അവർക്ക് ലഭിച്ചിട്ടുള്ള അവസരം ഉപയോഗിക്കണമെന്നും ഈ ഭൂമി മനോഹരമായി അടുത്ത തലമുറയ്ക്ക് കൈമാറുന്നതിനു നമ്മൾ പ്രതിജ്ഞാബദ്ധരാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പ്ലാസ്റ്റിക് ചാലഞ്ചിൽ പങ്കെടുത്തവരെയും അവാർഡ് ജേതാക്കളെയും വി.സി. അഭിനന്ദിച്ചു.*

*സർവകലാശാലാ എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ ഡോ. ഇ. എൻ ശിവദാസൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ എൻ.എസ്.എസ്. കേരള റീജിയണൽ ഡയറക്ടർ ശ്രീ. വൈ. എം. ഉപ്പിൻ മുഖ്യാതിഥിയായി. ഡിജിറ്റൽ വെൽനസ് പ്രൊജക്റ്റ് ഉദ്ഘാടനം സർവകലാശാലാ സിൻഡിക്കേറ്റ് അംഗമായ പ്രൊഫ. ജി. എസ് ഗിരീഷ് കുമാർ നിർവഹിച്ചു. സിൻഡിക്കേറ്റ് അംഗം ഡോ. ജോബിൻ ജോസ്, യൂത്ത് ഓഫീസർ ശ്രീ. പീയൂഷ് പരാഞ്ജപെ, സെന്റ് ഡൊമിനിക്സ് കോളേജ് മാനേജർ റവ. ഫാ. ഡോ. കുര്യൻ താമരശ്ശേരി, പ്രിൻസിപ്പൽ ഡോ. ബിനോ പി. ജോസ്, ബർസാർ റവ. ഡോ. മനോജ് പാലക്കുടി എന്നിവർ സംസാരിച്ചു. സെന്റ്*

*ഡൊമിനിക്സ് കോളേജ് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഡോ. ജിനു എലിസബത്ത് സെബാസ്റ്റ്യൻ ചടങ്ങിന് നന്ദി രേഖപ്പെടുത്തി.*

*ഫോട്ടോ ക്യാപ്ഷൻ: എൻ.എസ്.എസ്. നേതൃത്വ പരിശീലന ക്യാമ്പ് മന്ത്രി അഡ്വ. മോൻസ് ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. (ഡോ.) ഡി. മാവൂതു, സർവകലാശാലാ സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. ജി. എസ് ഗിരീഷ് കുമാർ, ഡോ. ജോബിൻ ജോസ്, എൻ.എസ്.എസ്. കേരള റീജിയണൽ ഡയറക്ടർ ശ്രീ. വൈ. എം. ഉപ്പിൻ, തുടങ്ങിയവർ സമീപം.*

*(പി. ആർ. ഒ./715/2026)*

## എം.ജി.യു.വിൽ അസിസ്റ്റൻറ് പ്രൊഫസർ കരാർ നിയമനം

*മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള ഗ്രാജ്വേറ്റ് സ്കൂൾ, ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റഗ്രേറ്റഡ് പ്രോഗ്രാംസ് ആൻഡ് റിസർച്ച് ഇൻ ബേസിക് സയൻസസ്* (NIPST), *നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻറ് സയൻസ് ടെക്നോളജി* (IIRBS), *എന്നിവയിൽ വിവിധ വിഷയങ്ങളിൽ 2026-27 അക്കാദമിക് വർഷത്തേക്ക് (2027 ഏപ്രിൽ 15 വരെ) അസിസ്റ്റൻറ് പ്രൊഫസർ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. ഹിന്ദി, ഹിസ്റ്ററി, മാത്തമാറ്റിക്സ്, മൈക്രോബയോളജി/ബയോടെക്നോളജി, കമ്പ്യൂട്ടർ സയൻസ്, എൻവിറോൺമെൻറൽ സയൻസ്, ഫിസിക്സ് എന്നീ വിഷയങ്ങളിലാണ് ഒഴിവുകൾ. യു.ജി.സി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. പ്രായപരിധി 70 വയസ്സ്. പ്രതിമാസം 40,000 രൂപ സമാഹൃത വേതനം ലഭിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും ആവശ്യമായ സർട്ടിഫിക്കറ്റുകളുടെ സ്കാൻ ചെയ്ത പകർപ്പുകളും ഓഗസ്റ്റ് 10-നകം* recruitmentada7@mgu.ac.in *എന്ന ഇമെയിൽ വിലാസത്തിലേക്ക് അയക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക്* mgu.ac.in

*സന്ദർശിക്കുക.*

*(പി. ആർ. ഒ./716/2026)*

## സ്പോട്ട് അഡ്മിഷൻ സമയത്തിൽ തിരുത്ത്

*മഹാത്മാഗാന്ധി സർവകലാശാലാ ക്യാമ്പസിലെ സ്കൂൾ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ ആൻഡ് സ്പോർട്സ് സയൻസസിൽ ഓഗസ്റ്റ് 04ന് നടക്കുന്ന ഡിഗ്രി*

*കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷന് എത്തിച്ചേരേണ്ട സമയം നേരത്തെ തെന്നായാണ് നൽകിയത്. യോഗ്യരായ വിദ്യാർത്ഥികൾ ആവശ്യമായ അസ്സൽ സർട്ടിഫിക്കറ്റുകൾ, ഫീസ് അടച്ച രസീത്, സ്പോർട്സ് കിറ്റ് എന്നിവ സഹിതം രാവിലെ 06:30ന് എസ്.പി.എസ്.എസ്. പഠന വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്.*

*വിശദവിവരങ്ങൾക്ക്: 0481-2733377 /* spess.mgu.ac.in/admission/

*(പി. ആർ. ഒ./717/2026)*

## പരീക്ഷാ തീയതി

*രണ്ടാം സെമസ്റ്റർ എം.എസ്.സി ഫിസിക്സ് (സി.എസ്.എസ്) (2025 അഡ്മിഷൻ റെഗുലർ / 2024, 2023, 2022, 2021, 2020 അഡ്മിഷനുകൾ സപ്ലിമെന്ററി / 2019 അഡ്മിഷൻ ഫസ്റ്റ് മേഴ്സി ചാൻസ്) ബിരുദാനന്തര ബിരുദ പരീക്ഷ, മെയ് 2026-ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ഓഗസ്റ്റ് 3 മുതൽ വിവിധ പരീക്ഷാ കേന്ദ്രങ്ങളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.*

*(പി. ആർ. ഒ./718/2026)*

## പരീക്ഷകൾ മാറ്റിവച്ചു

*ഓഗസ്റ്റ് 3, 4, 6 തീയതികളിൽ നടത്താനിരുന്ന രണ്ടാം സെമസ്റ്റർ എംഎ (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026ൻറെ പ്രാക്ടിക്കൽ പരീക്ഷകൾ മാറ്റി വെച്ചിരിക്കുന്നു. പുതുക്കിയ തീയതികൾ പിന്നീട് അറിയിക്കുന്നതായിരിക്കും.*

*(പി. ആർ. ഒ./719/2026)*

## പരീക്ഷാഫലം

*മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇൻറഗ്രേറ്റഡ് ബിബിഎ, ബിഎ എൽഎൽബി (ഓണേഴ്സ്) (2024 അഡ്മിഷൻ റഗുലർ, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ സപ്ലിമെൻററി) പഞ്ചവത്സര ഇൻറഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബിബിഎ എൽഎൽബി (ഓണേഴ്സ്) (2017 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2016 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2015 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ ഓൺലൈനായി അപേക്ഷിക്കാം.*

------------

*ബിഎഡ് അവസാന സപെഷ്യൽ മെഴ്സി ചാൻസ് ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.*

------------

*നാലാം സെമസ്റ്റർ ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ്) (2024 അഡ്മിഷൻ റഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ) ഫെബ്രൂവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 16 വരെ ഓൺലൈനായി അപേക്ഷിക്കാം.*

----------------

*മൂന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആൻഡ് സ്പോർട്സ് (നാല് വർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം) ഡിഗ്രി പരീക്ഷ (20182023 അഡ്മിഷനുകൾ റീഅപ്പിയറൻസ് / 2017, 2016 അഡ്മിഷനുകൾ മേഴ്സി ചാൻസ്) ജനുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 17 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.*

*(പി. ആർ. ഒ./720/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ